(ഡി) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരിയിൽ ഒരു സബ് ട്രഷറി തുറക്കുന്നകാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഈ സാമ്പത്തിക വർഷത്തിൽ ചില സ്ഥലങ്ങളിൽ പുതിയ സബ്ട്രഷറികളും തുറക്കുന്നകാര്യം പരിഗണനയിലുണ്ട്.

(ബി) വിതുര, മലയിൻകീഴ്, തിരുമല, കുണ്ടറ, കടയ്ക്കൽ, പത്തനാപുരം, അടിമാലി, കൂറനാട്, തിരുവമ്പാടി, ഇരിട്ടി എന്നീ സ്ഥലങ്ങളിൽ സബ്ട്രഷറികളും കാസർകോഡ് ജില്ലാ ട്രഷറിയും തുറക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇവയിൽ ചില ട്രഷറികളുടെ പ്രവർത്തനം ഈ വർഷം ആരംഭിക്കാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.

(സി) പൊതുജനങ്ങളുടെ സൗകര്യവും ഭരണപരമായ ആവശ്യവും പൊതുജനങ്ങളോ പഞ്ചായത്തുകളോ നൽകുന്ന സഹകരണവും ഗവൺമെൻറിൻെറ സാമ്പത്തിക സ്ഥിതിയും കണക്കിലെടുത്താണ് പുതിയ ട്രഷറികളും അനുവദിക്കുന്നത്.

(ഡി) കൊയിലാണ്ടി താലൂക്കിൽ ഇപ്പോഴത്തന്നെ രണ്ടു സബ് ട്രഷറികളുണ്ട്. കൂടാതെ താമരശ്ശേരി ജില്ലാട്രഷറിക്ക് ബാലുശ്ശേരിയിൽ നിന്ന് പത്തു കിലോമീറ്ററോളം ദൂരമുള്ളൂ. അതിനാൽ ബാലുശ്ശേരിയിൽ ഒരു പുതിയ സബ്ട്രഷറി തുറക്കുവാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല.

ട്രഷറിവകുപ്പിലെ ഓഫീസർമാർ

392 [736] ശ്രീ. വി. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി വകുപ്പിൽ സബ്ട്രഷറി ഓഫീസർ ഗ്രേഡ്–1, സീനിയർ സൂപ്രണ്ട്, അസിസ്റ്റൻറ് ട്രഷറി ഓഫീസർ എന്നിവർ എത്ര വീതം ഉണ്ട്;

(ബി) ഇതിൽ എത്ര പട്ടികജാതിക്കാർ ഉണ്ട്;

(സി) എത്ര പട്ടികവർഗ്ഗക്കാരുണ്ട്;

(ഡി) ഈ തസ്തികകളിൽ സംവരണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ട്രഷറിവകുപ്പിൽ സബ്ട്രഷറി ഓഫീസർ ഗ്രേഡ്–1, അസിസ്റ്റൻറ് ട്രഷറി ഓഫീസർ/സ്റ്റാമ്പ് ഡിപ്പോ ഓഫീസർ/ സീനിയർ സൂപ്രണ്ട് എന്നീ തസ്തികയിൽ 177 ഓഫീസർമാർ ഉണ്ട്. ഇവ സമാന തസ്തികകളാണ്.

(ബി) ഇതിൽ 19 പട്ടികജാതിക്കാരുണ്ട്;

(സി) 2 പട്ടികവർഗ്ഗക്കാരുണ്ട്;

(ഡി) നിലവിലുള്ള 10 ശതമാനം സംവരണത്തെക്കാൾ കൂടുതൽ പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം ഇപ്പോൾ തന്നെ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly